**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 765** **02-02-2023 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ നിക്ഷേപ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിന് വേൾഡ് കോ-ഓപ്പറേറ്റീവ് മോണിട്ടർ റിപ്പോർട്ട് പ്രകാരം ഏഷ്യയിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | അന്തർ ദേശീയ സഹകരണ സഖ്യവും (ICA), യൂറോപ്യൻ സഹകരണ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ചേർന്ന് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 01.12.2022 ന് പ്രസിദ്ധീകരിച്ച World Co-operative Monitor Report പ്രകാരം കേരളാ ബാങ്കിന് ഏഷ്യയിൽ ഒന്നാം സ്ഥാനം ലഭിച്ചു. ലോകത്തെ ഏറ്റവും വലിയ സഹകരണ സംഘങ്ങളുടെ പട്ടികയിൽ (Turn Over/GDP per capita അടിസ്ഥാനത്തിൽ) ധനകാര്യ സേവന മേഖലയിലെ പ്രവർത്തനത്തിനാണ് ഏഷ്യയിൽ ഒന്നാം സ്ഥാനം കേരളാ ബാങ്കിന് ലഭിച്ചത്. |
| (ബി) | കേരള ബാങ്കിന് സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന് ദേശീയ തലത്തിൽ അവാർഡ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ അവാർഡിൽ ദേശീയ തലത്തിൽ പ്രഥമ സ്ഥാനം ആണ് കേരളാ ബാങ്കിന് ലഭിച്ചത്. ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം, വിഭവ സമാഹരണവും വികസനവും, ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക നിർമ്മാർജനം, സാമ്പത്തിക സാക്ഷരതാ രംഗത്തുണ്ടായ മുന്നേറ്റം, മാർഗ്ഗ നിർദ്ദേശ പാലന രീതി, മികച്ച ലാഭ നേട്ടം തുടങ്ങി വിവിധ മേഖലയിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് കേരള ബാങ്കിന് അവാർഡ് ലഭിച്ചത്. |
| (സി) | കേരള ബാങ്ക് നിലവിൽ വന്നതിന് ശേഷം സമൂഹത്തിലെ എല്ലാത്തരം ജനവിഭാഗത്തിന്റെയും നിക്ഷേപ ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന രീതിയിലുള്ള വിവിധ തരം നിക്ഷേപ പദ്ധതികൾ | (സി) | കേരളാ ബാങ്ക് നിലവിൽ വന്നതിന് ശേഷം സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും അനുയോജ്യമായ വിധത്തിൽ വിവിധ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | | കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച വിദ്യാ നിധി നിക്ഷേപ പദ്ധതിയിൽ 12 മുതൽ 16 വയസ്സ് വരെയുള്ള കുട്ടികൾക്ക് അവരുടെ സ്വന്തം പേരിൽ അക്കൗണ്ട് ആരംഭിക്കാം. വിദ്യാ നിധി അക്കൗണ്ടിനൊപ്പം രക്ഷിതാക്കൾക്ക് (മാതാവിന് മുൻഗണന) പ്രത്യേക പ്രിവിലേജ് അക്കൗണ്ട് സൗകര്യവും ലഭിക്കുന്നു.<br><br>**<u>മറ്റ് പ്രധാന നിക്ഷേപ പദ്ധതികൾ ചുവടെ</u>**<br><br>റഗുലർ സേവിംഗ്സ് അക്കൗണ്ട്<br><br>സീനിയർ സിറ്റിസൺ സേവിംഗ്സ് അക്കൗണ്ട്.<br><br>വനിത സേവിംഗ്സ് അക്കൗണ്ട്<br><br>യംഗ് ചാമ്പ്യൻ സേവിംഗ്സ്<br><br>മൈനർ സേവിംഗ്സ്<br><br>സഹായം സേവിംഗ്സ്<br><br>പെൻഷൻ സേവിംഗ്സ്<br><br>കുടുംബം സേവിംഗ്സ്<br><br>ഫ്രീഡം സേവിംഗ്സ് (PACS)<br><br>സാലറി സേവിംഗ്സ്<br><br>ബേസിക് സേവിംഗ്സ്<br><br>പ്രിവിലേജ് സേവിംഗ്സ്<br><br>മാക്സിമ സേവിംഗ്സ്<br><br>പ്രിവിലേജിഡ് സാലറി സേവിംഗ്സ്<br><br>സൊസൈറ്റി സേവിംഗ്സ്<br><br>സ്റ്റാഫ് സേവിംഗ്സ്<br><br>കറന്റ് അക്കൗണ്ട് സേവിംഗ്സ് |
| (ഡി) | കേരള ബാങ്കിന്റെ നിക്ഷേപത്തിലും വായ്പയിലും മൂലധനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ഡി) | 31.03.2020 ൽ കേരളാ ബാങ്കിന്റെ മൂലധനം 1652.09 കോടി രൂപ ആയിരുന്നത് 31.03.2022 ൽ 2042.08 കോടിയായും, നിക്ഷേപം 61037.59 കോടി രൂപ ആയിരുന്നത് 69907.12 കോടി രൂപയായും, വായ്പ 40156.82കോടി രൂപ ആയിരുന്നത് 40950.04 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. |
| (ഇ) | കേരള ബാങ്കിന് എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളോടും കിടപിടിക്കാൻ കഴിയുന്ന തരത്തിലുള്ള ഏകീകൃത കോർ ബാങ്കിംഗ് | (ഇ) | എല്ലാ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളും സഹകരണ മേഖലയിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരളാ ബാങ്കിന്റെ ഏകീകൃത CBS |

| | | | |
|---|---|---|---|
| | സംവിധാനം ഏർപ്പെടുത്തുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | | നായി ഇൻഫോസിസ് കമ്പനിയുടെ ലോകത്തിലെ തന്നെ ഏറ്റവും മികച്ച CBS ൽ ഒന്നായ Finacle 10X നടപ്പിലാക്കുന്നതിന് M/s Wipro യെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതേ തുടർന്ന് കേരള സംസ്ഥാന സഹകരണ ബാങ്കും, അതിൽ ലയിച്ച 13 മുൻ ജില്ലാ സഹകരണ ബാങ്കുകളുടേയും ഡേറ്റ പൂർണമായും 26.12.2022 തിയതിയിൽ ഏകീകൃത CBS ൽ മാറുകയുണ്ടായി. നിലവിൽ കേരളാ ബാങ്കിന്റെ എല്ലാ ശാഖകളും ഏകീകൃത CBS ൽ ആണ് പ്രവർത്തിക്കുന്നത്. CBS interface മുഖേനയുള്ള അനുബന്ധ IT പ്രവർത്തനങ്ങൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ